## പതിമൂന്നാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 308** **24.02.2016-ന് മറുപടിക്ക്**

## പരിസ്ഥിതി നാശം ഒഴിവാക്കുന്നതിനുള്ള നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീമതി. കെ.കെ. ലതിക<br>ശ്രീമതി. കെ.എസ്. സലീഖ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ,<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| (എ) പാരിസ്ഥിതിക ഘടനയുടെയും ആവാസ വ്യവസ്ഥയുടെയും നിലനില്പിന് തന്നെ ഭീഷണി ഉയർത്തുന്നതിനിടയാക്കിയിട്ടുള്ള സർക്കാർ നിലപാടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് തിരുത്താൻ പരിസ്ഥിതി വകുപ്പ് മുൻകൈ എടുക്കുമോ ; | (എ) പരിസ്ഥിതിയുടെ നിലനില്പിന് ഭീഷണിയുണ്ടാകുന്ന നിലപാട് സ്വീകരിക്കുക എന്നത് സർക്കാർ നയമല്ല. |
| (ബി) സംസ്ഥാനത്ത് പരസ്പരം ബന്ധപ്പെട്ടു നില്ക്കുന്നതായ മലമ്പ്രദേശവും സമതലങ്ങളും തീരദേശവും കാടും പുഴകളും വയലും ചതുപ്പുകളും കായലുകളും തുടങ്ങി ഭൂരൂപങ്ങളെല്ലാം വൻതോതിൽ നാശത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) സംസ്ഥാനത്തെ ചില മലയോര പ്രദേശങ്ങളിൽ അനധികൃത പാറഖനനം, കുന്നിടിച്ച് മണ്ണെടുക്കൽ, ചില പുഴകളിൽ നിന്നും അനധികൃതമായി മണൽ ഖനനം നടത്തുക, പുഴ കയ്യേറി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുക, കായൽ നികത്തൽ, കായൽ കയ്യേറ്റം എന്നിവ സംബന്ധിച്ച ഒറ്റപ്പെട്ട സംഭവങ്ങൾ ഈ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ഫിനാൻസ് ബില്ലിലെ നിർദ്ദേശമനുസരിച്ചുള്ള ഫീസ് അടച്ച് നെൽവയൽ നികത്തൽ ക്രമപ്പെടുത്തുവാനുള്ള തീരുമാനത്തിൽ നിന്നും പിന്തിരിയാൻ വകുപ്പ് ആവശ്യപ്പെടുമോ ; | (സി) നെൽ വയൽ നികത്തുന്നത് ഏത് ആവശ്യത്തിലേക്കായാലും അത് പാരിസ്ഥിതിക ശോഷണം തന്നെയാണ്. നെൽവയൽ നികത്തുകവഴി ഉണ്ടാകുന്ന പാരിസ്ഥിതികമാറ്റം പുന:സ്ഥാപിക്കുന്നതിനോ ടി പ്രദേശത്തെ ആവാസവ്യവസ്ഥയ്ക്കുണ്ടായ നഷ്ടം നികത്തുന്നതിനോ പരിമിതികൾ ഉണ്ട്. ആയതുകൊണ്ട് ഉദ്ദേശ്യലക്ഷ്യം എന്തുതന്നെയായാലും നെൽവയൽ നികത്തരുത് എന്നതാണ് പരിസ്ഥിതി വകുപ്പിന്റെ നിലപാട്. |

(ഡി) കരിങ്കൽ ഖനനത്തിലെ ചട്ടലംഘനങ്ങൾ തടയാനും, വനഭൂമി പതിച്ച് നൽകുന്നതിലെ നിയമലംഘനങ്ങൾക്കും നദീതീര കയ്യേറ്റങ്ങൾക്കും വനനശീകരണത്തിനും എതിരെ അടിയന്തര നടപടി സ്വീകരിക്കുമോ ?

(ഡി) കരിങ്കൽ ഖനന ചട്ടങ്ങൾ ലംഘിക്കുന്നവർക്കെതിരെ നടപടിയെടുക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി കേരള മൈനർ മിനറൽ കൺസഷൻ റൂൾ 2015 വ്യവസായ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. കേരള ലാന്റ് അസൈൻമെന്റ് (റഗുലറൈസേഷൻ ഓഫ് ഒക്കുപ്പേഷൻ ഓഫ് ഫോറസ്റ്റ് ലാന്റ് പ്രയർ ടു 1/1/1977) സ്പെഷ്യൽ റൂൾസ് 1993 പ്രകാരമാണ് വനം കൈയ്യേറ്റങ്ങൾ ക്രമീകരിക്കുവാനുള്ള കേന്ദ്രാനുമതി ലഭിച്ചിരിക്കുന്നത്. ഇതുപ്രകാരം വനനശീകരണം തടയുന്നതിനും അനധികൃതമരംമുറി, വ്യാജവാറ്റ്, കഞ്ചാവുകൃഷി എന്നിവ തടയുന്നതിനും വനനശീകരണം സംഭവിച്ച മേഖലകളിൽ വനവല്ക്കരണം നടപ്പാക്കുന്നതിനും വനം വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നദീതീര കൈയ്യേറ്റങ്ങൾക്കെതിരെ 2001 ലെ നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമവും അനുബന്ധചട്ടങ്ങളും പ്രകാരം റവന്യൂ വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ